എം.എസ്.എസ്

# ജേർണൽ

1 ഡിസംബർ 2014


## ആഗോള മാനവിക കലണ്ടർ:

## വാർഷിക ജനറൽ കൗൺസിൽ 2014



ക്രാന്തദർശിയായ
വേങ്ങാട്ട് അഹമ്മദ്കുട്ടി സാഹിബ്

# ആഗോള മാനവിക കലണ്ടർ: അഖീദയോ മസ്സാഇലോ?



"മുസ്‌ലിങ്ങൾക്ക് ഒരു ഏകീകൃത കലണ്ടർ" -എം.എസ്.എസ്. വാർഷിക ജനറൽ കൗൺസിലിന്റെ പ്രമേയത്തെ അധികരിച്ചുള്ള ചർച്ച

**എൻ.എം. ഇർഷാദ് സേട്ട്,**


**എറണാകുളം**

മുസ്‌ലിംകൾക്ക് ഒരു ഏകീകൃത കലണ്ടർ എന്ന എം.എസ്.എസിന്റെ വാർഷിക ജനറൽ കൗൺസിലിന്റെ പ്രമേയം എന്തുകൊണ്ടും കാലികപ്രസക്തമാണ്.

കാലനിർണ്ണയ വ്യവസ്ഥ മനുഷ്യരാശിയുടെ സാമൂഹ്യ ഇടപാടുകൾക്കും ഒത്തുചേരലിനും മാത്രമല്ല ചരിത്രസംഭവങ്ങളുടെ ആധികാരികതയ്ക്കും അനിവാര്യമാണ്. കാലാകാലങ്ങളിൽ പല സമൂഹങ്ങളിലും അവരുടെതായ കാലനിർണ്ണയ വ്യവസ്ഥ ഉണ്ടായിരുന്നു എന്നു നമുക്കറിയാം. എന്നാൽ എല്ലാ സമുദായത്തേക്കാളും വളരെ ഉന്നമനത്തിലുള്ള "ഖൈറു ഉമ്മത്ത്" ആയവരുടെ ഇസ്‌ലാമിന്റെ കാലനിർണ്ണയ വ്യവസ്ഥ, അല്ലെങ്കിൽ കലണ്ടർ എന്തായിരുന്നു? ഇപ്പോഴത്തെ അവസ്ഥ എന്താണ്? കലണ്ടറിന് മതവിശ്വാസവുമായുള്ള ബന്ധം അല്ലെങ്കിൽ മത പ്രതിബദ്ധത, ഇസ്‌ലാം ലോകത്ത് എല്ലാവർക്കുമായി ഒരൊറ്റ കലണ്ടർ ആണോ അതോ ഓരോ മേഖലയ്ക്ക് അല്ലെങ്കിൽ ഓരോ രാജ്യത്തിന് ഓരോന്ന് എന്നാണോ നിർദ്ദേശിക്കുന്നത് എന്നിവയാണ് ഈ ചെറുലേഖനത്തിന്റെ കാതൽ.

ഇക്കഴിഞ്ഞ ബലിപെരുന്നാൾ (10.12.14 ഇന്ത്യയിൽ മാത്രം 4 ദിവസങ്ങളിലായി ശനി, ഞായർ, തിങ്കൾ, ചൊവ്വ) ആഘോഷിച്ചു എന്ന വസ്തുതയും, ചൊവ്വാഴ്ച ആഘോഷിച്ചവർക്ക് പിറ്റേദിവസം (ബുധനാഴ്ച) തന്നെ പൗർണ്ണമിയും ചന്ദ്രഗ്രഹണവും ഉണ്ടായി എന്നതും, ഇപ്പോൾ ഭൂരിപക്ഷം പിന്തുടരുന്ന കലണ്ടറിന്റെ അശാസ്ത്രീയത നഗ്നമായി, വികലമായി മാലോകരുടെ മുമ്പിൽ തെളിഞ്ഞു നിൽക്കുന്നതും, ഈ ശോചനീയാവസ്ഥ ഇസ്‌ലാമിനെ എത്രത്തോളം അപമാനകരമാണ്, അവഹേളനമാണ് എന്നതും സമ്മതിക്കുമല്ലോ?

മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ് ആകാശവും ഭൂമിയും സൃഷ്ടിച്ച അന്ന് തന്നെ ഒരു വർഷത്തിൽ മാസങ്ങളുടെ എണ്ണം 12 എന്ന് "അല്ലാഹുവിന്റെ കിത്താബിൽ" നിർണ്ണയിച്ചു കഴിഞ്ഞു എന്ന് പരിശുദ്ധ ഖുർആൻ വിശദീകരിക്കുമ്പോൾ മാസങ്ങൾ തുടങ്ങുന്നതിൽ മനുഷ്യന്റെ നഗ്നനേത്രദർശനം ആവശ്യമില്ല എന്ന് ബോധ്യമാകുന്നു. മാത്രമല്ല എല്ലാ പ്രവാചകന്മാരും - ആദം നബി(അ) മുതൽ മുഹമ്മദ് നബി(സ്വ) വരെ അല്ലാഹുവിന്റെ കിത്താ



**ഇസ്‌ലാം ലോകത്ത് എല്ലാവർക്കുമായി ഒരൊറ്റ കലണ്ടർ ആണോ അതോ, ഓരോ മേഖലയ്ക്ക് അല്ലെങ്കിൽ ഓരോ രാജ്യത്തിന് ഓരോന്ന് എന്നാണോ നിർദ്ദേശിക്കുന്നത് എന്നിവയാണ് ഈ ചെറുലേഖനത്തിന്റെ കാതൽ.**

ബിൽ രേഖപ്പെടുത്തിയിരുന്ന ആ ഒരൊറ്റ കലണ്ടർ ആയിരുന്നു നടപ്പിലാക്കിയിരുന്നത് എന്ന് മുൻ പ്രവാചകന്മാർ(അ) കൊണ്ടുവന്ന സന്ദേശത്തിലും ഗ്രന്ഥങ്ങളിലും എങ്ങനെ ജനങ്ങൾ കൃത്രിമം കാണിച്ചുവോ അതേപോലെ കാലനിർണ്ണയ വ്യവസ്ഥകളിലും കൃത്രിമം കാണിച്ചു തലകീഴ്മറിച്ച് തെറ്റായ ദിനങ്ങളിൽ ഇബാദത്തുകൾ ചെയ്യേണ്ടിവന്ന ദുരവസ്ഥയും നമുക്ക് ബോധ്യമാകുന്നു. മുഹമ്മദ് നബി(സ) ജനിക്കുമ്പോൾ നിലവിൽ ഉണ്ടായിരുന്ന കലണ്ടർ ജൂതന്മാരുടെതുമായി 100% സാമ്യമുള്ളതായിരുന്നു. അതുകൊണ്ടാണ് നബി(സ)യുടെ ജനനം ഒരു പൗർണ്ണമി ദിവസം നടന്നിട്ടും തിയ്യതി 12 എന്ന് രേഖപ്പെടുത്തിയത്. ഈ ജൂത സംസ്കാര കലണ്ടർ ഇന്ന് ഭൂരിപക്ഷം മുസ്‌ലിമീങ്ങളും പിൻപറ്റുന്നത് എന്നതും ഒരു ദുഃഖസത്യമാണ്.

ഹിജ്ജത്തുൽ വദാഇൽ യൗമുന്നഹറിൽ (ദുൽഹജ്ജ് 10ന്) വെള്ളിയാഴ്ച നബി(സ) നടത്തിയ ആ സുപ്രസിദ്ധ പ്രസംഗത്തിൽ കാലചക്രം സൃഷ്ടിച്ച നാളിലേയ്ക്ക് (വെള്ളിയാഴ്ച) മടങ്ങി വന്നിരിക്കുന്നു എന്നും, വർഷത്തിന് 12 മാസങ്ങൾ ഉണ്ട് എന്നും അവയിൽ 4 എണ്ണം പവിത്രമാണെന്നും പ്രഖ്യാപിച്ച് ഇസ്‌ലാം വിവക്ഷിച്ച, അല്ലാഹുവിന്റെ കിത്താബിലെ കലണ്ടർ വ്യവസ്ഥ ക്രമപ്പെടുത്തി

ജനങ്ങൾക്ക് പഠിപ്പിച്ചു തന്നു. ഈ ക്രമപ്പെടുത്തൽ പ്രസംഗത്തെ അടിസ്ഥാനമാക്കി. അതായത് ദുൽഹജ്ജ് 10 വെള്ളിയാഴ്ച എന്ന അടിസ്ഥാന തിയതിയിൽ നിന്നും ഉദ്ദേശം 120 മാസങ്ങൾ പുറകോട്ടും, ആ തിയതിയിൽ നിന്നും ഉദ്ദേശം 80ഓളം മാസങ്ങൾ മുമ്പോട്ടും കണക്ക് കൂട്ടി ഉമർ(റ)വിന്റെ കാലത്ത് ഹിജ്റി കലണ്ടർ നടപ്പിലാക്കി എന്നും, 1-1-1 ഒരു വ്യാഴാഴ്ച തുടങ്ങി എന്നും അതിന് മുമ്പത്തെ ദിവസത്തിൽ (ബുധനാഴ്ച) സൂര്യഗ്രഹണമുണ്ടായിരുന്നുവെന്നും, അതുകൊണ്ട് തന്നെ നഗ്ന നേത്ര ദർശനത്തിന് ഹിജ്റി കലണ്ടറിലെ മാസാരംഭവുമായി യാതൊരു ബന്ധവും ഇല്ല എന്നതും ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

നബി(സ)യുടെയും, ഖലീഫമാരുടെയും ഉത്തമനൂറ്റാണ്ടുകളിലെ സച്ചരിതരുടെയും കാലത്തിൽ വർഷം മുഴുവൻ, എല്ലാ ദിവസങ്ങളിലും ചന്ദ്രന്റെ കലകൾ (വൃദ്ധിക്ഷയ കലകൾ) നിരീക്ഷിച്ച് വന്നതിനാൽ, ആ മഹത്‌വ്യക്തികൾ നിലവിലുള്ള മാസം 29 ദിവസങ്ങൾ ഉള്ളതാണോ അതോ 30 ദിവസമുള്ളതാണോ എന്ന് മാസത്തിലെ ആദ്യ ആഴ്ച തന്നെ മനസ്സിലാക്കിയിരുന്നു. നബി(സ)യുടെ ഇഅ്ത്തിക്കാഫ്, 22-30 തിയതി തന്നെ ആ മാസം അവസാനിക്കുവാൻ ഇനി 8 അല്ല 7 ദിവസം മാത്രമേയുള്ളൂ എന്ന് സ്വഹാബാക്കളെ(റ) അറിയിച്ചത് തുടങ്ങിയ ഹദീസുകൾ ഈ വസ്തുത നമ്മളെ പഠിപ്പിക്കുന്നു. പക്ഷെ അടുത്ത് വരുന്ന മാസത്തിലെ ദിവസങ്ങളുടെ എണ്ണമോ, അടുത്ത റമസാൻ മാസത്തിലെ ദിവസങ്ങൾ 29ഓ 30ഓ എന്നും മുൻകൂട്ടി നിർണ്ണയിക്കുവാനുള്ള ഗോളശാസ്ത്ര കണക്ക്, ഇന്ന് നമുക്കുള്ളത് പോലെ, ആ മഹത് വ്യക്തികൾക്ക് ഉണ്ടായിരുന്നില്ല എന്ന് മാത്രം. മാസത്തിലെ ആദ്യദിവസം ചന്ദ്രൻ രാവിലെ സൂര്യന് ശേഷം ഉദിയ്ക്കും, ശേഷം സൂര്യനെ അനുഗമിച്ച് സൂര്യാസ്തമനത്തോടെ - ആദ്യ ദിവസത്തിന്റെ പകൽ അവസാനിച്ചതിന് ശേഷം - ദൃശ്യമാകുന്നു കറുത്തവാവ് ദിവസം ഒരു മാസത്തിന്റെ അവസാന ദിവസമാണെന്ന് മറ്റും തുടർച്ചയായ ചാന്ദ്രനിരീക്ഷണത്തിൽ നിന്നും അവർ(റ) മനസ്സിലാക്കിയിരുന്നു എന്നും നമുക്ക് തഫ്സീർ ഇബ്നു കഥീർ പഠിപ്പിക്കുന്നു.

കലണ്ടർ വ്യവസ്ഥ അനുസരിച്ച് ചന്ദ്രന്റെ കലകളെ ആസ്പദമാക്കി നോമ്പ് നോൽക്കുന്നതും, പെരുന്നാൾ ആഘോഷിക്കുന്നതും അഖീദായുടെ അവിഭാജ്യരീതിക്കുണ്ടെന്നും അത് വെറുമൊരു മസ്സായിൽ പ്രശ്നമല്ലേ എന്നും താഴെ വിവരിക്കുന്നതിൽ നിന്നും ആർക്കും ബോധ്യമാകും.

1) വി. ഖുർആൻ ആയത്ത് 9: 36ൽ, ഒരു വർഷത്തിൽ മാസങ്ങളുടെ എണ്ണം 12 ആണെന്നും, അവയിൽ 4 എണ്ണം പവിത്രമായതുണ്ട് എന്നും അതിനെ നേരാംവണ്ണം പിന്തുടരുന്നത് ദീനുൽ ഖയ്യിം (നേരായ മാർഗ്ഗം)മാണെന്നും നമുക്ക് മനസ്സിലാക്കാം.

ഖുർആനിൽ 12:40ൽ ഇതേ പദം, "ദീനുൽ ഖയ്യിം" അല്ലാഹു (സു.ത) ഉപയോഗിക്കുന്നു. അവിടെ അല്ലാഹുവിൽ പങ്കുചേർക്കരുത്, ചേർക്കാതെ ഇരിക്കുന്നതാണ് "ദീനുൽ ഖയ്യിം" എന്നാണ് വിശദീകരിക്കുന്നത്. ഈ രണ്ട് ആയത്തുകളുടെയും (9: 36ഉം, 12:40ഉം) ആശയം ഒന്നിച്ച് എടുത്താൽ, ശിർക്ക് ചെയ്യാതിരിക്കൽ (തൗഹീദ്) ഓളം പ്രാധാന്യം അർഹിക്കുന്നു മാസങ്ങളിലെ ദിവസങ്ങൾ മാറ്റിമറിക്കുന്നത് എന്ന് മനസ്സിലാക്കാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ "തൗഹീദിൽ അടിയുറച്ച് നിൽക്കുകയും അല്ലാഹുവിന്റെ കാല നിർണ്ണയ വ്യവസ്ഥയെ - ചന്ദ്രന്റെ കലകൾ" കാണിച്ചു തരുന്ന തിയതികളെ (2: 189) - മാറ്റി മറിക്കാതിരിക്കുന്നതും ആണ് "ദീനുൽ ഖയ്യിം" (നേരായ മാർഗ്ഗം).


ഈ ഒരു സത്യം മനസ്സിലാക്കിയാൽ തന്നെ കൃത്യമായ കാല നിർണ്ണയ വ്യവസ്ഥയുടെ പ്രാധാന്യം ഇസ്ലാമിൽ എത്രത്തോളം ഉണ്ട് എന്ന് സൽബുദ്ധികൾക്ക് വേഗം മനസ്സിലാകും.

2) ഖുർആൻ 9:37ൽ "നസ്സീഅ്" എന്നത് കുഫ്റിന്റെ വർദ്ധനവ് ആയി വിശദീകരിക്കുന്നു. പവിത്ര മാസങ്ങളുടെ ക്രമം തെറ്റിക്കുന്നതോ, ഏതെങ്കിലും ഒരു മാസത്തെ പവിത്രമാക്കി എണ്ണം പൂർത്തീകരിക്കുന്നതോ ആണ്. "നസ്സിഅ്" എന്നാണ് പലരും ധരിച്ചിരിക്കുന്നത്. ആയത്ത് 9:36ൽ പറഞ്ഞിരിക്കുന്ന "കിത്താബുല്ലാഹി"യിലെ തിയതികൾ മാലോകർക്ക് എല്ലാം ഒരു പോലെയാണെന്ന അടിസ്ഥാന തത്വത്തൽ നിന്നും വ്യതിചലിക്കുന്നതും കുഫ്റിന്റെ വർദ്ധനവാകുകയില്ലേ?

അല്ലാഹു ഒരു വർഷം (ഉദാ: 1435) തിങ്കളാഴ്ച ദിവസം തുടങ്ങി വ്യാഴാഴ്ച ദിവസത്തിൽ അവസാനിക്കണം എന്ന് നിർണ്ണയിച്ച് "ഖദറിൽ"പെടുത്തിയാൽ ഈ രണ്ട് ആഴ്ച ദിവസങ്ങൾക്കുള്ളിൽ 12 മാസങ്ങൾ ഉള്ളടങ്ങണമെന്നും, മാത്രമല്ല ഈ 12 മാസങ്ങളിലെ ഓരോ മാസവും ചന്ദ്രന്റെ വൃദ്ധിക്ഷയ കലളെ ആസ്പദമാക്കി 29ഓ 30 ദിവസങ്ങൾ തന്നെ ആയിരിക്കണം. കൃത്യമായി എന്നും, ഇതിലെ ഒരു മാസം (ഉദാ: റമസാൻ) 29 ദിവസമുള്ളതും അത് തുടങ്ങുന്നതും അവസാനിക്കുന്നതും ശനിയാഴ്ച ആയിരിക്കണമെന്ന് അല്ലാഹു

ഭാരത സർക്കാർ നിശ്ചയിച്ച അതിർത്തിക്കുള്ളിലെ ഐക്യം എന്ന് മുതലുണ്ടായി? 60 കൊല്ലം മുമ്പ് കേരളത്തിന്റെ അതിർത്തി ഇതല്ലായിരുന്നു വല്ലോ? ഇനി കേരളത്തിനെ 2 ആക്കി ഭാഗിച്ചാൽ ഈ നേതാക്കളും മതപണ്ഡിതന്മാരും അതാത് ഭാഗത്തെ ഐക്യത്തിന് വേണ്ടി മാത്രം മുറവിളി കൂട്ടുമോ?






നിർണ്ണയിച്ചത് മാറ്റി 29ന് പകരം 30 ദിവസങ്ങളോ, ശനിയാഴ്ച തുടങ്ങി ഞായറാഴ്ച അവസാനിപ്പിക്കുന്നതോ, ഞായറാഴ്ച തുടങ്ങി ഞായറാഴ്ച അവസാനിപ്പിക്കുന്നതോ – എല്ലാം തന്നെ "നസ്സീഅ്" എന്ന കുഫ്റിന്റെ വർദ്ധനവും ആകും എന്നും മനസ്സിലാക്കുമല്ലോ.

3) അല്ലാഹു ചന്ദ്രന്റെ മനാസിലുകൾ ഖദറിൽ പെടുത്തിയിരിക്കുന്നു എന്ന് സാധാരണക്കാരനു മനസ്സിലാക്കുവാൻ "ഖദ്ദർനാഹു", "ഖദ്ദറഹു" എന്നീ വാക്കുകൾ (സൂക്തങ്ങൾ 36: 39, 10: 5ൽ) ഉപയോഗിച്ചിരിക്കുന്നു. അങ്ങനെ "ഖദർ" എന്ന അല്ലാഹുവിന്റെ മാത്രം അധികാരത്തിൽ പെടുത്തിയ മനാസിലുകളെ മനുഷ്യന്റെ കാഴ്ചക്കുറവ് കൊണ്ടോ, പൊടിപടലം, മേഘം മുതലായവ കൊണ്ടോ മാറ്റുവാൻ സാധിക്കുകയില്ല എന്ന പരമസത്യം ഓരോ മുസ്‌ലിമും തന്റെ മനസ്സിൽ ഉറപ്പിക്കേണ്ടിയിരിക്കുന്നു.

അതല്ല ഖദറിൽ പെട്ട മാസാരംഭം മതസംഘടനകൾക്കോ പണ്ഡിതന്മാർക്കോ എന്ത് കാരണം കൊണ്ടും – മുസ്‌ലിമീങ്ങളുടെ ഐക്യത്തിന് വേണ്ടി പോലും – മാറ്റി മറിക്കാം എന്ന് ആരെങ്കിലും വിചാരിച്ചാൽ അത് അയാളുടെ ഈമാനിനെ തന്നെ ചോദ്യചിഹ്നമാക്കും എന്ന് ഗ്രഹിക്കാവുന്നതാണ്.

ഭാരത സർക്കാർ നിശ്ചയിച്ച അതിർത്തിക്കുള്ളിലെ ഐക്യം എന്ന് മുതലുണ്ടായി? 60 കൊല്ലം മുമ്പ് കേരളത്തിന്റെ അതിർത്തി ഇതല്ലായിരുന്നുവല്ലോ? ഇനി കേരളത്തിനെ 2 ആക്കി ഭാഗിച്ചാൽ ഈ നേതാക്കളും മതപണ്ഡിതന്മാരും അതാത് ഭാഗത്തെ ഐക്യത്തിന് വേണ്ടി മാത്രം മുറവിളി കൂട്ടുമോ?

അല്ലാഹുവിന്റെ കലണ്ടറാണ് ലോക മുസ്‌ലിമീങ്ങളുടെ ഐക്യത്തിന് ഉത്തമം എന്ന സത്യം മനസ്സിലാക്കുവാൻ എന്തുകൊണ്ട് മതപണ്ഡിതന്മാരും നേതാക്കളും തയ്യാറാവുന്നില്ല.

4) നബി(സ) പെരുന്നാൾ ദിനങ്ങളിൽ (ശവ്വാൽ 1നും ദുൽഹിജ്ജ 10നും) നോമ്പ് നോൽക്കുന്നത് ഹറാം ആക്കിയത് നമുക്ക് എല്ലാവർക്കും അറിയാം. ചന്ദ്രന്റെ കലകളെ ആസ്പദമാക്കി വേണം ഈ തിയതികൾ കണ്ടുപിടിക്കേണ്ടത് എന്നും അല്ലാഹു ഖദ്റിൽ പെടുത്തിയവയെ മാറ്റുവാൻ അല്ലെങ്കിൽ തെറ്റിക്കുവാൻ ആർക്കും അധികാരം ഇല്ല എന്നും നാം മനസ്സിലാക്കി. അങ്ങനെ ഹറാമായ ദിവസം നോമ്പ് നോൽക്കാതിരിക്കുന്നതിനും, നോമ്പ് പിടിക്കേണ്ട ദിവസം ഭക്ഷണം കഴിക്കാതിരിക്കുന്നതിനും "കിത്താബില്ലാഹി"യിലെ കലണ്ടർ – ചന്ദ്രൻ കാണിക്കുന്ന തിഥി – അനുസരിച്ചും ആയിരിക്കണം.

ഈ ഹറാമും ഹലാലും വേർതിരിച്ച് അറിയുവാൻ ഇന്ന് കൃത്യമായ ചാന്ദ്രമാസ നിർണ്ണയം കണക്കിലൂടെ അറിഞ്ഞാലെ സാധിക്കുകയുള്ളൂ.

അങ്ങനെ "ദീനുൽ ഖയ്യിം" എന്ന നേരായ മാർഗ്ഗത്തിൽ നിൽക്കുവാനും, കുഫ്റിന്റെ വർദ്ധനവായ "നസീഅ്" സംഭവിക്കാതെ ഇരിക്കുവാനും, അല്ലാഹുവിന്റെ ഖദ്ർ പൂർണ്ണമായി അംഗീകരിക്കുന്നതിനും, ഹറാം, ഹലാൽ എന്നിവ തിരിച്ചറിയുന്നതിനും, ലോക മുസ്‌ലിം ഐക്യത്തിനും ചന്ദ്രക്കലകളെ ആസ്പദമാക്കിയുള്ള "ഹിജ്റി കലണ്ടർ" കൃത്യമായി ഉപയോഗിക്കുന്നത് തൗഹീദിന്റെ അവിഭാജ്യഘടകമാണെന്നു സത്യവും മനസ്സിലാക്കിയാൽ ഈ കലണ്ടറിന്റെ പ്രാധാന്യം ആർക്കും ബോധ്യമാകും.

> അല്ലാഹുവിന്റെ കലണ്ടറാണ് ലോക മുസ്‌ലിമീങ്ങളുടെ ഐക്യത്തിന് ഉത്തമം എന്ന സത്യം മനസ്സിലാക്കുവാൻ എന്തുകൊണ്ട് സംഘടനാ സ്വാർത്ഥ താൽപര്യവും, തൻപെരുമയും മാറ്റിവെച്ച് മതപണ്ഡിതന്മാരും നേതാക്കളും തയ്യാറാവുന്നില്ല.

ഈ കലണ്ടറിന്റെ പ്രചരണവും അത് നടപ്പിലാക്കേണ്ടതും കുറച്ചു മാത്രം ആളുകളുടെ ചുമതല അല്ല.

അല്ലാഹു(സു.ത) സൂറത്ത് അൻനാസ്സിൽ "റബ്ബിന്നാസ്, മലിക്കിന്നാസ്, ഇലാഹിന്നാസ്" എന്ന് പരിചയപ്പെടുത്തുന്നു. 'മാനവരുടെ രക്ഷിതാവ്' എന്നാണർത്ഥം അല്ലാഹുവിന്റെ ഈ സിഫത്ത് ലോകത്തിലെ എല്ലാ മനുഷ്യർക്കും എത്തിച്ചു കൊടുക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും കടമയാണ്. കാരണം ഉപയോഗിച്ചിരിക്കുന്ന പദം 'നാസ്സ്' എന്നാണ്.

പരിശുദ്ധ ഖുർആൻ സത്യാസത്യങ്ങളെ വേർതിരിച്ച് കാണിക്കുന്ന ഗ്രന്ഥമാണെന്നും അത് ലോകജനതയ്ക്ക്, മനുഷ്യരാശിക്ക് മുഴുവൻ നേർവഴി കാണിക്കുന്നു എന്ന "ഹുദുൻ ലിന്നാസ്" ആണെന്നും നമുക്ക് അറിയാം. ഈ സത്യവും ലോകത്തിലെ എല്ലാവർക്കും – മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും എത്തിച്ച് കൊടുക്കുവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. അൽഹംദുലില്ലാഹ്. പല മേഖലകളിലും ഈ സംരംഭം നടക്കുന്നുണ്ട്.

"ഹുദുൻ ലിന്നാസ്" എന്ന് പരിചയപ്പെടുത്തുന്ന 2: 185 സൂക്തത്തിന് താഴെ 2: 189ൽ അല്ലാഹു ചന്ദ്രന്റെ വൃദ്ധിക്ഷയ കലകളെ ജനങ്ങൾക്ക് – ലിന്നാസ് – മനുഷ്യരാശിക്ക് മുഴുവൻ തിയതി കാണിക്കുന്നത് എന്ന് പറയുമ്പോൾ, ഈ കലണ്ടർ ലോകജനതയ്ക്ക് മുമ്പിൽ എത്തിക്കുവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. എത്രത്തോളം എന്നാൽ അല്ലാഹു മനുഷ്യരാശിയുടെ റബ്ബും മാലിക്കും, ഇലാഹും ആണെന്ന സത്യം പോലെ പരിശുദ്ധ ഖുർആൻ മനുഷ്യരാശിക്കു മുഴുവൻ നേർവഴി കാണിക്കുന്നു എന്നതും സത്യമാണ്. സത്യം മനുഷ്യരാശിക്ക് പരിചയപ്പെടുത്തുന്നത് ഓരോരുത്തരുടെയും കടമയാണ് "മവാഖീത്തുലിന്നാസി (മാനവ കലണ്ടർ)യെ (2: 189) ലോകത്തിന് പരിചയപ്പെടുത്തി, പ്രചരണം നടത്തി, പ്രാബല്യത്തിൽ വരുത്തുവാൻ നാം ഓരോരുത്തരും തങ്ങളാൽ കഴിയുന്നത്ര പരിശ്രമിക്കേണ്ടത് അത്യാവശ്യമാണ്. അതിന് അല്ലാഹു അനുഗ്രഹിച്ച് നമ്മളെ എല്ലാവരെയും സ്വർഗ്ഗത്തിൽ ഒന്നിപ്പിക്കട്ടെ. ആമീൻ. ■